# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/93/2018 2018 മെയ് 4

## പത്രക്കുറിപ്പ്

**വാക്ക് ഇൻ ഇന്റർവ്യൂ**

എം.ജി. സർവ്വകലാശാലയുടെ 'കാർഷിക മിത്തുകൾ, സാഹിത്യം, വാമൊഴി, ആചാരങ്ങൾ' എന്ന പ്രോജക്ടിലേക്ക് ഒരു ഫീൽഡ് കോർഡിനേറ്ററുടെയും മൂന്ന് ഫീൽഡ് വർക്കറുടെയും ഒഴിവിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പി.ജി. ബിരുദവും കാർഷിക സംസ്കാര പഠനം സംബന്ധിച്ച ഫീൽഡ് വർക്ക് പരിചയവുമാണ് യോഗ്യത. പ്രാഥമിക വിദ്യാഭ്യാസം, കൃഷിയിലുള്ള അനുഭവം, പരിജ്ഞാനം, സമാനമായ പഠനങ്ങളിൽ ഇടപെട്ട പരിചയം എന്നിവയാണ് ഫീൽഡ് വർക്കറുടെ യോഗ്യതകൾ. താല്പര്യമുള്ളവർ മെയ് 8ന് രാവിലെ 10 മുതൽ 12 വരെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9400233357 (2 pm to 5 pm)

**പരീക്ഷാഫലം**

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 18 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. മോഡൽ ഒന്ന്, രണ്ട്, മൂന്ന് (സി.ബി.സി.എസ്.എസ്., 2013 അഡ്മിഷൻ വരെ റീഅപ്പിയറൻസ്/മേഴ്സി ചാൻസ് മാത്രം) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 18 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**